**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1488** **19-09-2025 - ൽ മറുപടിയ്ക്ക്**

**പ്രീപ്രൈമറി വിദ്യാർത്ഥികളുടെ പാഠപുസ്തകത്തിന്റെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അധ്യയന വർഷം ആരംഭിച്ച് രണ്ടുമാസം കഴിഞ്ഞിട്ടും സംസ്ഥാനത്തെ പ്രീപ്രൈമറി വിദ്യാർത്ഥികൾക്ക് പാഠപുസ്തകം ലഭ്യമായിട്ടില്ലെന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പാഠപുസ്തകങ്ങളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്, അടിയന്തര പ്രാധാന്യത്തോടെ ഉടൻതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | 2025 മെയ് മാസത്തിൽ വിദ്യാഭ്യാസ മന്ത്രി വിതരണ ഉദ്ഘാടനം നിർവഹിച്ചിട്ടും നാളിതുവരെ പുസ്തകം വിതരണം ചെയ്യുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പുസ്തകങ്ങളുടെ വിതരണ ഉദ്ഘാടനം നിർവഹിച്ച സമയത്ത് അച്ചടിച്ച പുസ്തകങ്ങൾ ലഭ്യമായിരുന്നോ; എങ്കിൽ അച്ചടിച്ച എത്ര കോപ്പികൾ ലഭ്യമായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (ബി) | ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ വിതരണ ഉദ്ഘാടനമാണ് 2025 മെയ് മാസത്തിൽ നിർവ്വഹിച്ചത്. പ്രസ്തുത പാഠപുസ്തക അച്ചടിയോടൊപ്പമല്ല പ്രീ-പ്രൈമറി ആക്റ്റിവിറ്റി പുസ്തകങ്ങൾ അച്ചടിക്കുന്നത്. |
| (സി) | പ്രസ്തുത പുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | കഴിഞ്ഞ അധ്യായന വർഷം വരെ SSK മുഖേനയാണ് പാഠപുസ്തക വിതരണം ചെയ്തു വന്നിരുന്നത്. എന്നാൽ എസ്.എസ്.കെ യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടിന്റെ കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ആക്റ്റിവിറ്റി പുസ്തക വിതരണം സംബന്ധിച്ച പ്രവർത്തനങ്ങൾ കൃത്യമായി നടത്തുവാൻ സാധിച്ചിരുന്നില്ല. ആവശ്യമായ ഫണ്ടിന്റെ അഭാവം മൂലമാണ് പ്രസ്തുത പുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കഴിയാതിരുന്നത്, ജീവനക്കാരുടെ കൃത്യവിലോപം കാരണമല്ല. |
| (ഡി) | പുസ്തകത്തിന്റെ അഭാവം കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ച സാഹചര്യത്തിൽ എത്രയും വേഗം പുസ്തക വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ? | (ഡി) | പാഠപുസ്തകങ്ങളുടെ വിതരണം കഴിവതും വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ